E 2353 (Pages : 3) Reg. No..................................

Name......................................

**B.Com. (MODEL I) DEGREE (C.B.C.S.S.) EXAMINATION, NOVEMBER 2015**

**First Semester**

Additional Language—Malayalam

**കഥയും കവിതയും**

(2013 Admission onwards)

Time : Three Hours Maximum : 80 Marks

**പാർട്ട് എ**

ഒരു വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക.

1. ബലിദർശനം ആരുടെ കവിതയാണ് ?
2. വെയിറ്റിംഗ് ഫോർ ഗോദോ പരിഭാഷപ്പെടുത്തിയ കവി.
3. പി.പി. രാമചന്ദ്രന്റെ ആദ്യകവിതാ സമാഹാരം ഏത് ?
4. ഇതിലുമേറെ ലളിതമായ് എങ്ങനെ

   കിളികളാവിഷ്ക്കരിക്കുന്നു ജീവനെ

   —ആരുടെ വരികൾ ?
5. അക്കിത്തത്തിന് ഓടക്കുഴൽ അവാർഡ് ലഭിച്ച കൃതി.
6. മലയാളത്തിലെ ആദ്യ സൈബർ നോവൽ ഏത് ?
7. എസ്.വി. വേണുഗോപൻനായരുടെ ഗവേഷണ പ്രബന്ധം ഏത് ?
8. വിപണികൾ പൂക്കുന്നു ആരുടെ കഥയാണ് ?
9. 'സ്ഫടിക നിർമലമായ മലയാളത്തിലുള്ള തുറന്നെഴുത്ത്' ഏത് കഥാകൃത്തിനെയാണ് ഇങ്ങനെ വിശേഷിപ്പിക്കുന്നത് ?
10. വിലാസിനി ഏത് കഥയിലെ കഥാപാത്രമാണ് ?

$(10 \times 1 = 10)$

**പാർട്ട് ബി**

അരപ്പുറത്തിൽ എട്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

11. പ്രകൃതിയിലെ ഭാവമാറ്റങ്ങൾ 'ഇലകൾ കൊഴിയുന്നു' എന്ന കവിത ചിത്രീകരിക്കുന്നതെങ്ങനെ ?
12. "സ്ത്രീകളുടെ ഇടയിൽ ബുദ്ധിശക്തിക്ക് വലിയ പ്രാധാന്യമില്ല എന്ന് വിലാസിനിക്ക് മനസ്സിലായി" —കാരണമെന്ത് ?
13. "അങ്ങേക്ക് എന്നെപ്പറ്റി അവജ്ഞ മാത്രമല്ല, കോപവും തോന്നുന്നുണ്ടായിരിക്കാം"—ഇങ്ങനെ പറയുവാനുള്ള കാരണമെന്ത് ?

**Turn over**

14. തോക്കുകളെ സംബന്ധിച്ചിടത്തോളം എൻെറ ഹൃദയം ഒരറവുകാരൻേറതുപോലെയായിരിക്കുകയാണ്"
—ആശയമെന്ത് ?

15. റാന്തൽ വെളിച്ചം എന്ന കവിതയെ പരിചയപ്പെടുത്തുക.

16. "രാമേശ്വരം കടൽ"—ഒരാസ്വാദനം എഴുതുക.

17. എം. മുകുന്ദൻെറ പ്രധാന കൃതികളെ പരിചയപ്പെടുത്തുക.

18. മൃതരായ് മൃതരായ്
ദഹിച്ചുപോയ്, നീ വെച്ച
മെഴുകിൻ തിരികളും സന്ധ്യേ-
—വിശദീകരിക്കുക.

19. ധിക്കരിപ്പു ഞാൻ വൃഥാ പാഴ്ക്കടലുകൾ താണ്ടി
വേർപ്പു നീരൊഴുക്കിയൊരജ്ഞാത പ്രയത്നത്തെ
—വിവരിക്കുക.

20. "പപ്പൻ വിസ്മയം മറച്ചുവെക്കാതെ ചോദിച്ചു :"ഇപ്പോഴുമിവിടെ പള്ളിക്കൂടങ്ങളുണ്ടോ ?"—ചോദ്യത്തിനുള്ള കാരണമെഴുതുക.

21. "ഇവിടം ജീവിത സംഗ്രാമത്തിൻ ചുടലക്കളമോ
ചുടുനീർക്കുളമോ ?"
—അർത്ഥം വിശദീകരിക്കുക.

22. ആധുനിക കവിതയുടെ ഭാഷാപരമായ സവിശേഷതകൾ അപഗ്രഥിക്കുക.

(8 × 2 = 16)

## പാർട്ട് സി

ഒരു പുറത്തിൽ ആറ് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

23. ആ വാക്കുകൾ അവളെ ഭയചകിതയാക്കി. ഭാര്യയെന്ന നിലയിൽ താൻ പരാജയപ്പെട്ടുവോ ? സ്ത്രീ എന്ന നിലയിൽ താൻ അപൂർണയാണോ ? ചിന്തയ്ക്കുള്ള അടിസ്ഥാന കാരണമെന്ത് ?

24. സി.വി. ശ്രീരാമൻെറ കഥകളുടെ സവിശേഷതകൾ എഴുതുക.

25. "അപ്പോൾ വിശ്രമിക്കുന്ന തോക്കുകൾക്കിടയിലാണ് എൻെറ ജീവിതം ഇങ്ങനെ പറയുവാനുള്ള കാരണം എന്ത് ?

26. "എട്ടു പേരുള്ള ഒരു കുടുംബത്തിന് മുപ്പതു ദിവസത്തേക്ക് ഈ വിലക്കൂടുതൽക്കാലത്ത് പന്ത്രണ്ട് രൂപ്"—ഈ ചിന്തയുടെ അടിസ്ഥാനമെന്ത് ?

27. പി.പി. രാമചന്ദ്രൻ—ഒരു കുറിപ്പെഴുതുക.

28. ഉച്ചാടനം എന്ന കഥയുടെ പ്രത്യേകതയെന്ത് ?

29. വിക്ഹാം എന്ന വൈദ്യനെ പരിചയപ്പെടുത്തുക.

30. "മുവായിരത്തോളം ജീവനക്കാർ ജോലി ചെയ്തിരുന്ന കമ്പനി പൊളിച്ച് ആമ്പൽക്കുളം പണിയുക, നാട് നന്നാവും"—സന്ദർഭം എഴുതുക.

31. റബ്ബർ എന്ന കഥയ്ക്ക് ഒരാസ്വാദനം എഴുതുക.

(6 × 4 = 24)

## പാർട്ട് ഡി

നാലു പുറത്തിൽ **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

32. അയ്യപ്പപ്പണിക്കർ, സുഗതകുമാരി എന്നിവരുടെ കവിതകളെ വിലയിരുത്തുക.

**അല്ലെങ്കിൽ**

33. കെ. സരസ്വതിയമ്മ, മാധവിക്കുട്ടി എന്നിവരുടെ കഥകളുടെ സവിശേഷതകൾ വിലയിരുത്തുക.

34. നദിയും തോണിയും എന്ന കഥ മുന്നോട്ട് വയ്ക്കുന്ന ആശയമെന്ത് ?

**അല്ലെങ്കിൽ**

35. കടമ്മനിട്ട എന്ന കവിതയെ വിലയിരുത്തുക.

(2 × 15 = 30)